# ക്ലിക്ക്



ലിറ്റിൽ കൈറ്റ്സ് - കടമ്പൂർ എച്ച് എസ് എസ്

# ക്ലിക്ക്

## സ്കൂൾ മാഗസിൻ

**ലിറ്റിൽ കൈറ്റ്സ്**

**കടമ്പൂർ ഹയർ സെക്കന്ററി സ്കൂൾ**

**2018 - 19**

അക്ഷരങ്ങൾ അഗ്നിയായ്

മുൻപേ പോയ കാലത്തിന്റെ

ചവിട്ടടിപ്പാതകളിൽ കൊഴിഞ്ഞു വീണ്ടും

വാക്കുകൾ മഴയായ്......

അലിഞ്ഞു തീരാത്ത നിലാരശ്മികൾ

നിഴൽ ചിത്രങ്ങൾ വരച്ച ചുമരുകൾ...............

ഇതാ ഇവിടെ ......

കനിവും കാരുണ്യവും...

സ്നേഹവും പ്രതിഷേധവും

വാക്കുകളായി പുനർജനിക്കുന്നു

സ്വീകരിക്കുക............

**അനുഗ്രഹിക്കുക.**

## Student Editor

Adwaith P

## Sub Editor

Sanjay P

## Members

Members of  Little Kites, Kadambur HSS

## Advisers

Ranjini B

(Convenor, Vidyarangam Kalasahithya Vedi)

Vinesh K P

(Kite Master)

Soniya P

(Kite Mistress)

## Cover Page Design

Aswandh K

Academic Year : 2018 - 19

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

| | | | | | |
|---|---|---|---|---|---|
|  |  |  |  |  |  |
| ആദിദേവ് വി | അദ്വൈത് പി | ഐശര്യ സജീവ് | അജയ് ദേവ് എം | അനഘ സനൽ കുമാർ | അങ്കിത് ബിനു |
|  |  |  |  |  |  |
| അനുഗ്രഹ് ഗിരീഷ് | അനുശ്രുതി കെ മനോജ് | അർജ്ജുൻ ഡി നമ്പ്യാർ | അർജ്ജുൻ ഉല്ലാസ് | ആർണവ് അനിൽ കുമാർ | ദേവനന്ദന ആർ ദിലീപ് |
|  |  |  |  |  |  |
| ഹർഷൽ വികാസ് | മഞ്ജുനാഥൻ എം കെ | മീനാക്ഷി എം | മുഹമ്മദ് അമീൻ ഹാഫിസ് | മുഹമ്മദ് മിൻഹാജ് | മുഹമ്മദ് തബ്ഷീർ |
|  |  |  |  |  |  |
| പതിക് നവീൻ | രോഹൻ ദിലീഷ് | രോഹൻ ജോൺ | സാമ്ന കെ എം | സഞ്ജയ് പി കെ | ഷെറിൻ ഉല്ലാസ് |
| |  |  |  |  | |
| | സൗഗന്ധ് മനോജ് | ശ്രീനന്ദ കെ | ശ്രീരാജ് ടി | തൃഷ്ണ | |



Dear Children,

I am very much happy to know that you, the members of Little KITE unit are preparing a magazine. You are the first batch of Little KITEs unit of Kadambur Higher Secondary School. You will be remembered all the times. In this graceful occasion I wish all success in this attempt. Also I congratulate you and your teachers who had given you proper guidance and all support for the development and progress of Little KITEs unit

**P M Smitha**

Headmistresss

Kadambur Higher Secondary School



## ആശംസകളോടെ

വിവരവിനിമയ സാങ്കേതിക രംഗത്ത് എന്നും മാകവുപുലർത്തിയ പാരമ്പര്യമാണ് കടമ്പൂർ ഹയർസെക്കന്ററി സ്കൂളിനുള്ളത്. വിജ്ഞാനത്തിന്റെ സ്ഫോടനം വിരൽത്തുമ്പിലെത്തിക്കാനും, അറിവും വിനോദവും അതോടൊപ്പം അത്ഭുതവും സൃഷ്ടിക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിനുള്ള തെളിവാണ് ഈ സൃഷ്ടി. വിവരവിനിമയ സാങ്കേതികവിദ്യയുടെ വിവിധ മേഖലകളിൽ പുതിയ പുതിയ അറിവുകൾ നേടിയെടുത്തതിന്റെ കാഴ്ച ഈ താളുകളിൽ കാണുന്നു. ആയതുകൊണ്ടുതന്നെ ഈ സംരഭത്തിന് മുതൽക്കൂട്ടായി പ്രവർത്തിച്ച എല്ലാ പ്രതിഭകൾക്കും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകിയ അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

**ലതീഷ് കുമാർ കെ പി**

എസ്. ഐ. ടി. സി

കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ



# ആശംസ

കടമ്പൂർ ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, സർഗാത്മകതയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് തയ്യാറാക്കിയ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**രഞ്ജിനി ബി**

കൺവീനർ

വിദ്യാരംഗം കലാസാഹിത്യവേദി

# ലിറ്റിൽ കൈറ്റ്സ്

കാലഘട്ടത്തിന്റെ മാറ്റവും ആവശ്യകതയും അറിവ് നിർമ്മണത്തിൽ വലിയ മാറ്റം വരുത്തിയിരിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യ ഇതിൽ വലിയൊരു പങ്ക് വഹിക്കുന്നു. ഇതിന്റെ ഭാഗമായി സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കുന്നതിനുള്ള ഒരു സംരംഭമാണ് ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഐ. ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്. സാങ്കേതികരംഗത്തെ അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തി, ഓരോ കുട്ടിക്കും യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വരയുടെ ലോകത്ത് ഏറെ കൗതുകമുണർത്തുന്ന ആനിമേഷൻ, യുക്തിചിന്തയും പ്രോഗ്രാമിങ് അഭിരുചിയും വളർത്തുന്ന സ്ക്രാച്ച്, മൊബൈൽ ആപ്പ്, ഇലക്ട്രോണിക്സിന്റെ അടിസ്ഥാന തത്വങ്ങളുപയോഗിച്ച് ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം, ശാസ്ത്രത്തിന്റെ നൂതന വിപ്ലവമായ റോബോട്ടിക്സ്, കമ്പ്യൂട്ടറിന്റെ ഉള്ളറകളിലെക്ക് കടക്കുന്ന ഹാർഡ്‌വേർ, വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പബ്ലിഷിംഗ് എന്നിവയ്ക്ക് സഹായകമായ മലയാളം ടൈപ്പിംഗ്, സുരക്ഷിതവും ആരോഗ്യകരവുമായ ഇന്റർനെറ്റിന്റെ ഉപയോഗം എന്നിവയാണ് ഈ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിൽ എട്ടാം ക്ലാസ്സിൽ നടത്തിയ അഭിരുചി പരീക്ഷയിലൂടെ തിരഞ്ഞെടുത്ത 28 അംഗങ്ങളാണുള്ളത്. എല്ലാ

ബുധനാഴ്ചകളിലും തിരഞ്ഞെടുക്കപ്പെട്ട ശനിയാഴ്ചകളിലുമാണ് ഇവർക്കുള്ള പരിശീലനം നടക്കുന്നത്. പരിശീലനം നൽകുന്നതിനായി അധ്യാപകരിൽ നിന്നും തിരഞ്ഞെടുത്ത ഒരു കൈറ്റ് മാസ്റ്ററും ഒരു കൈറ്റ് മിസ്ട്രസ്സും ഉണ്ട്.

തിരഞ്ഞെടുക്കപ്പെട്ട കൈറ്റ് അംഗങ്ങൾക്ക് ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നിവയിൽ സബ്ജില്ലാ ക്യാമ്പിൽ അധിക പരിശീലനവും കുട്ടി റിപ്പോർട്ടർമാർക്ക് ജില്ലാതലത്തിൽ ഫോട്ടോഗ്രാഫി പരിശീലനവും ലഭിച്ചു.

മലയാളം ടൈപ്പിംഗ് പരിശീലനത്തിന്റെ ഭാഗമായുള്ള മാഗസിൻ നിർമ്മാണം വളരെ ഉത്സാഹപൂർവ്വവും ശ്രദ്ധാപൂർവ്വവും കൈറ്റ് അംഗങ്ങൾ കൈകാര്യം ചെയ്തു. ഇതിനുവേണ്ടി പരിശ്രമിച്ച എല്ലാ അംഗങ്ങളെയും അഭിനന്ദിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ആശംസകൾ നേരുകയും ചെയ്യുന്നു.



Soniya P
KITE Mistress



Vinesh K P
KITE Master

# ഉള്ളടക്കം


എന്റെ വിദ്യാലയം....................11

ഉയർത്തെഴുനേൽപ്പ്....................13

ഇരുട്ടിന്റെ മുമ്പിലും ഒരു വെളിച്ചം....................15

അമ്മ മാനസം....................16

വാർദ്ധക്യത്തിന്റെ വേദന....................20

പാവം....................21

എന്തു ഭംഗി....................24

മാതൃരാഷ്ട്രത്തിൻെറ കാവലാൾ....................27

ഭയമില്ലാതെഒരുപാട് ജീവിക്കുന്നു....................31

ജലതാണ്ഡവം....................33

കാലത്തിനൊരു കയ്യൊപ്പ്....................36

പൂന്തോട്ടം....................38

മരണമുഖം....................42

സൗഹൃദം....................43

ആകുലമായി ജീവിതം....................48




little KITEs

# CONTENT

FOR MY COUNTRY.......... 18
FRIENDSHIP.......... 22
NATURE.......... 23
MISTAKES.......... 25
THE PAINTED SMILE.......... 26
FALLEN LEAVES.......... 32
TRUE FRIEND.......... 34
SISTERS.......... 35
MOON.......... 37
WHAT IS DREAM???.......... 39
VIRTUAL GAMES: A BOON OR A BANE ?.......... 40
THE STRANGER.......... 44
THE GREEDY MAN.......... 46

# എന്റെ വിദ്യാലയം

കടമ്പൂർ ഹയർസെക്കൻഡറി സ്കൂളാണ് എന്റെ വിദ്യാലയം.ഗ്രാമത്തിന്റെ മധുരം നിറഞ്ഞ ഒരു സ്കൂൾ. ഏറെ സൗകര്യങ്ങൾ നിറഞ്ഞ ഒരു സ്കൂൾ. വലിയ കെട്ടിടങ്ങളും പഠന സൗകര്യങ്ങൾ ഒത്തുകൂടിയ സ്കൂൾ. വലിയ കെട്ടിടങ്ങളെ മൂന്നായി തിരിച്ചാണ് പഠനപ്രവർത്തനം നടക്കുന്നത്.**വി**സ്തൃതമായ സ്ഥലത്ത് 3 കെട്ടിടങ്ങളിൽ 130 റൂമുകളിലായി ഒന്ന് മുതൽ +2 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. വിശാലമായ കളിസ്ഥലം, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് , ജില്ലയിലെ വിവിധ ഭാഗങ്ങളിലേക്ക് ബസ്സ് സൗകര്യം, ഹയർ സെക്കന്ററി വിഭാഗത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ അതി വിശാലമായ ലാബുകൾ എന്നിവ സ്കൂളിന്റെ പ്രത്യേകതയാണ് ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും ആരോഗ്യപരവുമായ വളർച്ചക്കുതകുന്ന ഭൗതിക സാഹചര്യം സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. വിശാലവും വായു സഞ്ചാരമുള്ളതുമായ ക്ളാസ് മുറികളാണ് എല്ലാം. നാല് നിലകളിലുള്ള മൂന്നു ബ്ലോക്കുകളിലായിട്ടാണ് സ്കൂൾ കെട്ടിടം. വിശാലമായ ക്യാംപസ്, കളിസ്ഥലം,ലൈബ്രറി,നാല് സ്റ്റാഫ് റൂമുകൾ, നാന്നൂറിലധികം ടോയ്ലറ്റ്കൾ , സ്മാർട്ട് ക്ളാസ് റൂമുകൾ കമ്പ്യൂട്ടർ ലാബുകൾ, സുസജ്ജമായ സയൻസ് ലാബുകൾ തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള സംവിധാനങ്ങളാണ് കടമ്പൂർ സ്കൂളിൽ ഒരുക്കിയിട്ടുള്ളത്.



വർഷങ്ങളായി എടക്കാട് ബ്ലോക്കിലെ മികച്ച വിദ്യാലയമായി തെരഞ്ഞെടുക്കപ്പെടുന്ന കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ ഇന്ന് അംഗീകാരത്തിന്റെ നിറവിലാണ്. SSLC,+2 പരീക്ഷകളിൽ തുടർച്ചയായി 100% വിജയം കൈ വരിക്കുന്നതോടൊപ്പം കലാ-കായിക മത്സരങ്ങളിലും അജയ്യത നില നിർത്തുന്നു.കഴിഞ്ഞ 17 വർഷമായി കണ്ണൂർ സൗത്ത് സബ്ജില്ലയിൽ കലോത്സവ ചാമ്പ്യന്മാരാണ്. ശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ സംസ്ഥാന ദേശീയ തലങ്ങളിൽ മികച്ച അംഗീകാരം നേടിയിട്ടുണ്ട്. മികച്ച വിദ്യാലയത്തിനുള്ള നിരവധി പുരസ്കാരങ്ങൾ ഈ വിദ്യാലയത്തെ തേടി എത്തിയിട്ടുണ്ട്. ഭോപ്പാലിൽ വെച്ച നടന്ന കലോത്സവത്തിൽ കേരളത്തെ പ്രതിനിധീകരിച്ച ആദിവാസി നൃത്ത രൂപമായ പാംഗി അവതരിപ്പിച്ച കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂൾ ടീം ദേശീയ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. റൂബെല്ല വാക്സിനേഷൻ 5300 ഓളം കുട്ടികൾക്ക് നൽകി ആരോഗ്യ വകുപ്പിന്റെ പ്രശംസ ഏറ്റുവാങ്ങി. 2017-18 ൽ ദേശീയ സ്വച്ഛ് വിദ്യാലയ പുരസ്കാരം നേടി. കായിക മത്സരങ്ങളിൽ ജില്ലതലത്തിലും സംസ്ഥാനതലത്തിലും ശ്രദ്ധേയമായ നേട്ടം കൈവരിച്ചുവരുന്നു.


മികച്ച ശുചിത്വം പാലിക്കുന്ന വിദ്യാലയമാണ്. ക്ലാസ് മുറികൾ ഹൈജീനാണ്. ശുചിത്വ മിഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്. ശുചിത്വം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങുന്നില്ല. വരാന്തകളും ചുറ്റും പ്ളാസ്റ്റിക് വിമുക്തമാണ്.
യാത്ര സൗകര്യം ഉള്ളതിനാൽ 5000 ൽ അധികം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ കുട്ടികൾ ഇന്നും ഒഴുകിയെത്തുന്നത് മികച്ച അച്ചടക്കം നിലനിൽക്കുന്ന സ്കൂളായതുകൊണ്ടാണ്. കലാ കായിക രംഗത്ത് മികവു പുലർത്തുന്നു. ഇതിൽ നിരവധി അധ്യാപകരുടെ കൈയ്യൊപ്പ് കൂടിയുണ്ട്. 150 ൽ പരം അധ്യാപകർ പഠിപ്പിക്കുന്ന സ്കൂൾ ആണ് എന്റെ സ്കൂൾ.

അന്നും ഇന്നും എന്നും മികച്ച വിജയത്തിന് ഉടമയാണ് എന്റെ കടമ്പൂർ സ്കൂൾ .



ADWAITH P
9 A

# ഉയർത്തെഴുന്നേൽപ്പ്



ASHIN T
9 A

ഒരു കുഞ്ഞു മാമഴ പ്രളയത്തിലിന്നു നാം
അറിയാതെ മുങ്ങിത്തകർന്നുപോയി
ഒരു ജീവസ്വപ്നങ്ങളൊരു നൂറു ചിന്തകൾ
എല്ലാം മഴയിലോലിച്ചു പോയി
ഒരു നാടിനാശകളെ തകിടം മറിച്ചൊരാ
ജലഭേരിയിന്നിതാ തേങ്ങലായി
അറിയാതെയാത്തേങ്ങലലകളായി ജീവന്റെ
ചുടുചോര മരവിച്ച മൂകയായി
അവിടെയാ മഴതൻന്റെ കണ്ണുനീർത്തുള്ളികൾ
ഒരു നാടിനാകവേ കണ്ണുനീരായ്.
യുഗലോകമാകെ പടുത്തുയർത്തുന്നോരാ
ജനതയ്ക്കു മഴയിന്നു വിങ്ങലായി
അവർതന്ന ജീവന്റെ അമൃതമാം വിത്തുകൾ
പ്രളയത്തിലിന്നിതാ ശൂന്യമായി .
ആഴമാം ദുഃഖവുമാഗധ നിരാശയും
ആ പ്രളയഭീതിയവർക്കു നൽകി
അത്ഭുതവിസ്മയ ഗാഥകൾ തീർത്തൊരാ
നാടിതായിന്നു സമുദ്രമായി.
കാറ്റിനും കടലിനും കാടിനു മേടിനും
മരണത്തിൻ നിണബാഷ്പ ഗന്ധമായി .
ഇനിയില്ല ജീവിതമെന്ന നിരാശയാൽ
അവരിതാ കണ്ണുനീർ ലഹരിയാക്കി
അവിടെയാ കണ്ണിർകയത്തിലും നിനവിന്റെ
ഒരു കുഞ്ഞു കിരണവും ബാക്കിയായി
തകരാ പ്രതീക്ഷയാൽ മനസിന്റെ ശക്തിയാൽ

അതിജീവനപാദയാവർ തുറന്നു
ഒരുമിച്ച നിന്നവർ കൈകോർത്തു ചേർന്നൊരാ
പുതുലോകവാതായാനം തുറന്നു .
എവിടെയും തോൽക്കാത്ത  മാനവശക്തിയാൽ
പ്രളയഭീകരതയും തോൽവിയായി .
പലതുള്ളി പേരുവെള്ളമായ്‌വന്ന പ്രളയത്തെ
ഒരുപോലെ   മാനുഷർ കീഴടക്കി .
ഒത്തുപിടിച്ചവരുയർത്തെഴുന്നേറ്റപ്പോളാ
മഴ സന്തോഷ വർഷമായി .
ആഴക്കടലിലും അഴലിൻ നടുവിലും
ഒരു പുതിയ ഗീതം അവർ  പട്ടുത്തു
ഉയരുന്ന തിരകളെ മലർത്തിയടിച്ചൊരാ
കൂട്ടായ്‌മ അവിടെ തരംഗമായി .
ജീവിതത്തിണ്ണയിൽ മരണത്തിലലിയാതെ
അവരുയർപ്പിൻ പുതുസ്വപ്നമായി.
ഇനിയും  മറക്കാത്ത ഓർമകൾ   ചൊല്ലുന്നു
ഹാ ! എത്ര  സുന്ദരം ആ ഉയർപ്പ് .
ഉയർത്തെഴുന്നേൽപ്പിന്റെ മാതൃകയായവർ
വീണ്ടുമേ ചൊല്ലുന്നു ഹാ ! ഉയർപ്പ് ..........

# ഇരുട്ടിന്റെ മുമ്പിലും ഒരു വെളിച്ചം...

ഓരോ ഇരുട്ടിലും ഒരു ചെറിയ വെളിച്ചമായി നീ...

ഓരോ സ്വപ്നത്തിലും ഒരു  മിന്നാമിന്നിയായി നീ വന്നു...

ഒരായിരം പൂപ്പുഞ്ചിരിതൂകി നീയും നിന്റെ കൂട്ടുകാരും

ഇരുട്ടിന്റെ മറവിലും ഒരു മഹാലോകമായി നീ...

ജീവിതത്തെ സ്പർശിച്ച മഹാലോകമായി ഇരുട്ടും വെളിച്ചവും......

ഇരുട്ടിന്റെ മറവിലും ഒന്നു  കാണുവാൻ കൊതിക്കുന്ന മിന്നായം.....



SARANYA K
6 E*

# അമ്മ മാനസം



DIYA SHYLESH
9F*

ആകോരിചൊരിയുന്ന മഴ പോലെ അവളുടെ കണ്ണുനീരും ഒഴുകി തീരുന്നു. ആ അമ്മ മാനസം അവളെ ഒന്ന് തഴുകി. ഒരു ഉൾ ഗ്രാമം എന്നാൽ എന്തെന്ന് അറിയാമോ നമ്മുടെ ഈ നാഗരിക ജീവിതം പോലെയേ അല്ല ഗ്രാമ ജീവിതം സ്നേഹവും സങ്കടവും സന്തോഷവും തമ്മിൽ പങ്കിടുന്ന നന്മയുള്ള മനുഷ്യരുടെ ലോകം ആണ് ഗ്രാമം പക്ഷെ നഗരം ഈ പറഞ്ഞതിൽ ഒന്നുമല്ല ജോലിയുടെ പേരിൽ തമ്മിലുള്ള അസൂയയും അഹങ്കാരവും തിങ്ങി നിറഞ്ഞതത് ആണ് നാഗരിക ജീവിതം.

ഞാൻ പറഞ്ഞില്ലേ ഒരു ഉൾ ഗ്രാമം സുഖം തോന്നികുന്ന തണുത്ത ഈറൻ കാറ്റും ആരെയും കാണാൻ കൊതിപ്പിക്കുന്ന നെല്ലും കതിരും നിറഞ്ഞ വയലും തൊടിയും. അങ്ങനെ ഒരു ഗ്രാമത്തിൽ ഒരമ്മയും രണ്ടു മക്കളും താമസിചിരുന്നു കൃഷ്ണ എന്നായിരുന്നു മൂത്തവളുടെ പേര് അവളുടെ അനിയത്തി പിച്ച വെച്ചു നടക്കുന്ന രണ്ടു വയസു കാരിയാണ് അവരുടെ അച്ഛൻ കൃഷ്ണയ്ക്ക് അഞ്ചു വയസുള്ളപ്പോൾ രോഗബാധിച് മരണപെട്ടു അച്ഛൻ പോയതിനു ശേഷം അമ്മയാണ് അവർക്ക് എല്ലാം അമ്മ വളരെ കഷ്ടപ്പെട്ട് ആണ് ഓരോ ദിവസം തള്ളിനീക്കംചെയ്യല് അമ്മ തന്റെ മക്കളെ ഓർത്താണ് ജീവിക്കുന്നത്. കൃഷ്ണ 8 ആം ക്ളാസിൽ ആണ് പഠിക്കുന്നത് പഠനത്തിൽ വളരെ മുൻപിന്നിലാണ്. സ്കൂളിൽ നിന്നും അവൾക്കു മിട്ടായി കിട്ടിയാൽ അവൾ അമ്മയ്ക്കും അനിയത്തിക്കും കൊടുക്കാതെ കഴിക്കാറില്ല.ഒരു ദിവസം അമ്മ ജോലി സ്ഥലത്തു നിന്ന് കുഴഞ്ഞു വീണ അവിടെയുള്ള ഗ്രാമവാസികൾ അമ്മയെ ഹോസ്പിറ്റലിൽ കൊണ്ടുപോയി അപ്പോഴാണ് ഡോക്ടർ പറഞ്ഞത് ഇവർ എന്റെ സ്ഥിരം രോഗിയാണ് ഒരു മാരകം ഇവരെ പിന്തുടരുന്നു എന്നും ഉടനെ തന്നെ ഒരു ഓപ്പറേഷൻ വേണം എന്നും പറഞ്ഞു. ഗ്രാമവാസികൾ കൃഷ്ണയോട് കാര്യം പറഞ്ഞു കൃഷ്ണ ആകെ തളർന്നു. എന്നിട്ട് അമ്മ എനി ഒന്നും ചെയേണ്ട എന്ന് പറഞ്ഞുകൊണ്ട് അവർ വീട്ടിലേക് പോയി. പിറ്റേ ദിവസം അമ്മയ്ക്ക് വീണ്ടും തളർച്ച തോന്നി ഹോസ്പിറ്റലിൽ കൊണ്ട് പോയി അവർ ഉടനെ ഓപ്പറേഷൻ വേണം എന്നു പറഞ്ഞു 40000 രൂപ വേണം എന്നും പറഞ്ഞു. ആ ഗ്രാമത്തിൽ ഇന്നേ വരെ ഇത്രയും രൂപ കണ്ടിട്ടില്ല. ആ ഗ്രാമവാസികൾ പണം കൂട്ടിവച്ചു കൃഷ്ണ കാത്തു സൂക്ഷിച്ചു വച്ച ഒരു ഭണ്ഡാര

പെട്ടി പൊട്ടിച്ചു എന്നിട്ടും തികയാതെ വന്നപ്പോൾ അവൾ ഓരോ വീട്ടിൽ അടുക്കള പണി എടുത്തു അവസാനം ഗെതികേട്ട കൊണ്ട് തെരുവിൽ ഇറങ്ങി പിച്ച എടുത്തു. അതിനിടയിൽ പഠനവും നിർത്തി. അമ്മയുടെ ഓപ്പറേഷൻ കഴിഞ്ഞു. പക്ഷെ ദൈവം അവളുടെ അമ്മയെയും കൊണ്ടുപോയി. അവൾ ഇത് അറിഞ്ഞില്ല. ആ നിമിഷം അവളും അനിയത്തിയും അമ്മ വന്നാൽ കൊടുക്കേണ്ട ഭക്ഷണവും ആയി കാത്തിരുന്നു. അപ്പോഴാണ് അവൾ വിവരം അറിഞ്ഞത് തന്റെ അമ്മ പോയീ എന്നുള്ളത് . അവൾ അമ്മേ എന്ന് വിളിച്ചു കൊണ്ട് ഉച്ചത്തിൽ കരഞ്ഞു അവളുടെ അനിയത്തി അവളെ കെട്ടിപിടിച്ചു കരഞ്ഞു. ജീവിതത്തിൽ കുറേ കഷ്ടപ്പെട്ട കഷ്ടപ്പാടുകൾക്ക് അർത്ഥം ഇല്ലാതെ ആയി. ചെറിയ പ്രായത്തിൽ തന്നെ അച്ഛനെയും അമ്മയെയും നഷ്ടപെട്ട മക്കൾ അവർ പൊട്ടി പൊട്ടി കരഞ്ഞു.

"കോരി ചൊരിയുന്ന മഴ പോലെ അവളുടെ കണ്ണുനീരും ഒഴുകി തീരുന്നു "

# FOR MY COUNTRY



MEENAKSHI K M
10 A*

He slowly closed his eyes. The breeze slowly patted on him. He looked at the statue of mother, Mariam. 'Mother, I am not accusing for what happened to me. I am proud. But there is no one for me....Mother, I am alone, In this world, full of wars, full of diplomacies, how could I alone'.Tears burst from his eyes.

'Please, Mother, Tell me all this was a dream'.He shouted.'No, I can't loose my parents...He knelt on the knees and wept.'Dad.....','Mom....'He lost in his thoughts.

It was only a few hour ago,that happened.'Mom', we will win today, right? He asked to Stella, his mother.

She patted his face and kissed on his cheek.

'Yes, this is the last day, we will win', “Nothing will happen to you, I will pray. I love you mom”.

“I Love you too, Arnav, And If something happen to us, don't forget, You have a mother, who you have to care, Our mother India. Don't get disappointed my son”.A tear trickled from her eyes. “No,...Don't cry mom, please don't”. They hugged each other and cried.

His father and mother were both soldiers, who were ready to give their life to the country. It has only been 24 days the war was started, but it took his beloved father from him. His father shot the Pakistani leader and the Pakistanis killed him. He remembered the funeral with the tricolour flag kept above his father's corpse.

He looked at his mother. She was not crying. “Mom” he called and hugged her and wept. His white face became reddish and his eyes fearable.

“Mom, call him back” he shouted at her, 'why are you not crying mom'? He collapsed. Mom took him on her hand and said “Don't cry, he is not

only your father but also the son of our country. He died, but for us he is alive as a brave soldier who defended the country. It was his duty, an Indian's duty, Don't cry my son, I know you will not understand, but you will”, he looked at his mother puzzling.

Now the war took both of them. He lost his mom and dad. His mother also gave her life for the country. Mom had said “You will understand why she didn't cry for father”.

He gazed at the light in the church. My parents died, but my mother India is alive. As my mom said I have to live for her, fight for her.

# വാർദ്ധക്യത്തിന്റെ വേദന



DIYA DHEERAJ
9 C*

ഒരു ജീവിതം മാത്രമേ എൻ ഉള്ളിൽ
എന്നും ഒരാശയായ് നിലനിൽക്കുന്നു
ഒരു മരണം മാത്രമെൻ മനസ്സിലേക്ക്
ഓർത്തു ഞാൻ നിൽക്കവേ
വിട പറയുകയാണോ എൻ മക്കളെ
മനസ്സു നിറയെ ഞാൻ സ്നേഹിച്ച മക്കളെ
അമ്മയീ ഭൂമിയിൽ നിന്ന് വിട പറയുകയാ
"അമ്മെ അമ്മെ " എന്നോതി വരുന്ന
എൻ മക്കളെ കാണുവാൻ കഴിയില്ലല്ലോ .........

# പാവം

മരിക്കുവാൻ പാടില്ല
മരിച്ചുപോയാൽ വീണ്ടും
ഉയിർത്തെഴുന്നെൽക്കേണ്ടിവന്നേക്കാം
ആട്ടിൻത്തോലിട്ട ചെന്നായക്കൂട്ടത്തെ
നയിച്ചുമടുത്തു
പോത്തിനോടു വേദമോതിയ വിവേകശൂന്യനാണു
ഞാൻ
കഴിയുന്നില്ല ഇനിയുമിവിടെ ജീവിക്കാൻ
കുരിശേ... പുണരൂ എന്നെ
നിനക്കു മടുത്തുകഴിഞ്ഞെങ്കിലും



SANIGH P K
10 A*


# FRIENDSHIP


AJANYA SURESH
10 A*

Friendship is like a ship sailing in the sea
If it strike a rock
It will sink
Friendship is like a kite
Flying in the air
If it strikes a tree
It will tear
It doesn't care
The feeling of friendship starts from our eyes
Like a cherry blossom in our mind
But if we try to close our eyes
The friendship will turn into Drops of tears
and remain in our eyes
Friendship is like a dream
It can be broken at any time..........
Once it is broken.
It would be difficult to recap though you wish to.........

# NATURE

Nature is Green
Its Good to be seen
the trees and plants
and sees and Lakes
That make the Nature
As how the God has gave
us life
But what do we do
Just polluting the seas
And cutoff trees
Do you want to live with peace
Take my advice
'Save Nature', 'Save Earth','Save Life'





SREERAJ VINOD
8 E*

# എന്തു ഭംഗി



VISHNUPRIYA P P
8 B

പകലോൻ മറയുന്നു
പാടലം പൂക്കുന്നു
കിളികൾ ചിലച്ചു ചേക്കേറിടുന്നു
പള്ളി മിനാരങ്ങൾ
ബാങ്കൊലി തീർക്കുന്നു
പ്രദീപ്തം വിളങ്ങുന്നു ക്ഷേത്ര ശിൽപം
കുരുശേന്തിയോനെ
പ്രകീർത്തിച്ചിതമ്മമാർ
ത്യാഗവഴിയേ നടന്നീടുന്നു
കാനനവിതാനത്തിൽ
കറുത്തചായം തേച്ച്
നിര വരുന്നു നിറഞ്ഞാടിടുന്നു
പാട്ടിന്റെ പാലാഴി
തീർക്കുന്ന നിർത്ധരി
പനിനീരു പെയ്യുന്ന രാവിലെല്ലാം
ഏഴിലം പാലകൾ
പൂത്തുല്ലസിക്കുന്ന
നിശയും നിലാവുമിതെത്ര ഭംഗി !
വയലിന്റെ കാതിൽ
കുളിർക്കാറ്റു ചൊല്ലുന്ന
പാട്ടും പറച്ചിലും എത്ര ഭംഗി !
നന്മ നിറയുന്ന
നാടകം കേരളം
ഓർക്കുവാൻ പോലുമിതെത്ര ഭംഗി !

# MISTAKES



ANGITHA T
9 F*

If God makes a mistakes
It's a fate ;
If driver make a mistakes
Its make a accident
If police make a mistakes
It's a rule
If doctor make a mistakes
It's an operation
If engineer make a mistakes
It's a new venture
If barber make a mistakes
It's a new style
If politician  make a mistakes
It's a new law
If teacher make a mistakes
It's a new theory
If student make a mistakes
It's still a 'mistake'. . . .

# THE PAINTED SMILE


SNIGDHA P K
10 A*

It was a smile painted by,

Davinci, to the world of miseries.

The smile was closer to heart,

To bring the world with merries.

The smile was like a pearl,

Wow! The greatest smile ever.

Monalisa, the half smiled girl

Steal the heart of everyone.

The mysterious smile awaken the minds

With joy and happiness

It was not just like a painted smile,

It hides away her loneliness

The smile is everywhere,

Which will never float down away.

# മാതൃരാഷ്ട്രത്തിൻെറ കാവലാൾ



NAYANA P V
9 A*

വെടിയൊച്ചകളും ബോംബേറുകളും ആലട്ടിയ ആ സ്വപ്നത്തിൽനിന്നവൾ ഞെട്ടിയുണർന്നു ടിങ് ....ടിങ് ..... .ആ പഴയ ക്ലോക്കിൻെറ പെൻെറുലം മണിയടിച്ചു. അവൾ പതിയേ കാലുകൾ നിലത്തു പതിപ്പിച്ചു . ഒരുപാട് വീർപ്പുമുട്ടലുകൾ മനസ്സിൽ പേറുന്നതുകൊണ്ടായിരിക്കണം തൻെറ ഭാരം തന്നെ അവൾക്ക് താങ്ങാനാവുന്നതിലുമപ്പുറമായിരുന്നു പക്ഷെ പതിയെ അവൾ നടന്നു ചെന്ന് ആ ക്ലോക്കിലേക്കൊന്നു കണ്ണോടിച്ചു . സമയം 3:00 മണി . “ഇനിയും ഒന്ന് രണ്ട് മണിക്കുറുണ്ടല്ലോ" . അവൾ പതിയെ ഒന്നമാന്തിച്ചു മേശപ്പുറത്ത് വച്ചിരുന്ന ഓട്ടു പാതത്തിൽ നിന്ന് അല്പം തണുത്ത വെള്ളമെടുത്തവൾ വായിലേക്ക് കമഴ്ത്തി . തൊണ്ടയിലും വായിലും എന്തൊക്കെയോ സുഖങ്ങൾ അനുഭവപ്പെട്ടു . തിരിച്ച് മുറിയിൽ ചെന്നവൾ കിടന്നപ്പോൾ എത്ര ശ്രമിച്ചിട്ടും നിദ്രയെന്ന പടുകുഴിലേക്ക് ആഴ്ന്നിറങ്ങാൻ ആവുന്നില്ല . ആ സമയം കുറച്ച് പഴയ ചിന്തകളുടെ വാതിൽ തുറന്നവൾ അതിലേക്ക് മുഴുകി .'മോന...... ഓടല്ലേ...... കുറച്ച് ഭക്ഷണം കഴിക്കെടാ...സ്കൂളിൽ പോകേണ്ടതല്ലേ . രാജീവേട്ടാ...ഒന്ന് നോക്കിയേ ഈ ചെക്കനൊന്നും കഴിച്ചിട്ടില്ലാന്ന്'' സുമതി പറഞ്ഞു ."ഒന്ന് പോയേടി നീ.... ഇവിടെകാര്യമായ ഒന്ന് നോക്കിക്കൊണ്ടിരിക്കുമ്പോഴാ അവൾടെയൊരു...... രാജീവൻ മറുപടി കൊടുത്തു'എന്താ നിങ്ങളിങ്ങനെ പത്രത്തിൽ നോക്കിക്കൊണ്ടിരിക്കുന്നത് ? സുമതി ചോദിച്ചു .'അത് പട്ടാളത്തിൻെറയും പോലീസിൻെറയും ടെസ്റ്റ് റിസൾട്ട് ഇന്നാണെന്നാണ് തോന്നുന്നത് . ആ.. ഇന്നുതന്നെ ... ഇതാ പത്രത്തിൽ നോക്കെടീ ' രാജീവൻ ഉത്സാഹത്തോടെ സുമതിയോട് പറഞ്ഞു .'അതയോ എന്നാനിങ്ങൾ വേഗം പോയി കുളിക്കാൻ നോക്ക് '. രാജീവന് പട്ടാളത്തിൽ ഒരു പ്രതീക്ഷയുമുണ്ടായിരുന്നില്ല . പോലീസിൽ മോശമല്ലാത്തത്ര . പക്ഷെ അതൊന്നും ശ്രദ്ധിക്കാതെ സുമതി രാജീവനെ പ്രോത്സാഹിപ്പിച്ചു . പോലീസിൻെറ ടെസ്റ്റ് റിസൾട്ട് നോക്കാൻപോയ രാജീവൻ

നിരാശനായി . ലിസ്റ്റിലയാളില്ല . എന്നിട്ട് പോലീസ് ലിസ്റ്റിലില്ലാത്തതിൻെറ നിരാശയും താങ്ങിപ്പിടിച്ച് ഒറ്റ പ്രതീക്ഷയുമില്ലാതെ പട്ടാളത്തിൻെറ ലിസ്റ്റിലുണ്ടോ എന്ന് നോക്കാൻ പോയി .

"അപ്രതീക്ഷിതം തന്നെ ! എനിക്ക് പട്ടാളത്തിൽ ജോലികിട്ടിയെന്നോ? വിശ്വസിക്കാനാവുന്നില്ല ...!" രാജീവൻ ആർപ്പുവിളിച്ചുകൊണ്ട് വീട്ടിലേക്കു ചെന്നു . ഭാര്യയുടെ അടുത്തുപോയി കാര്യം ബോധിപ്പിച്ചപ്പോൾ രാജീവൻെറ അതെ വാക്കുകൾ തന്നെ സുമതിയും ഉന്നയിച്ചു.

ഒരുപാട് ദിനങ്ങൾ കടന്നുപോയി . അവസാനം പഞ്ചാബിലേക്ക് പോകേണ്ട തീയതിയടുത്തു . രാജീവൻ മിലിടികട്ടും ക്ലീൻ ഷേവുംമൊക്കെ ചെയ്ത് കുട്ടപ്പനായി യാത്ര പറഞ്ഞു . സുമതിയുടെ ഉള്ളിൻെറയുള്ളിൽ നൊമ്പരം വിതുമ്പുന്നുണ്ടെങ്കിലും നിറഞ്ഞമനസ്സോടെ അവൾ യാത്ര അയച്ചു....

ടിങ്...ടിങ്... ക്ലോക്കിൻെറ പെൻറുലം ഒന്നുകൂടി മുഴങ്ങി . അപ്പോൾ അവൾ ഊഹിച്ചു സമയം 4:00 മണി ആയിരിക്കുമെന്ന്. കൂടുതൽ കാത്തുനിന്നില്ല അവൾ എഴുന്നേറ്റ് ജോലികൾ തുടങ്ങി . വേഗംജോലിയൊക്കെ തുടങ്ങിയെങ്കിലും ഒരു കാര്യത്തിനും നിയന്ത്രണം ഇല്ലായിരുന്നു . ചെയ്യുന്നതെല്ലാം എന്തൊക്കെയൊ....വയ്ക്കുന്നതെല്ലാം എവിടെയൊക്കൊയോ....

അങ്ങനെ അങ്ങനെ വീണ്ടും ഒരാഴ്ച കടന്നുപോയി അപ്പോഴേക്കും അവളുതന്നെ മനസ്സിൽ ഉറപ്പിച്ചിരുന്നു, എന്തെന്നാൽ തന്നെ പോയിട്ടദ്ദേഹം ഒരിക്കൽ വിളിച്ചില്ലല്ലോ . വളരെയധികം ജോലിയുണ്ടാകുമായിരിക്കും. അതിർത്തിയിൽ വെടിവെപ്പാണല്ലോ അദ്ദേഹത്തിന്. വല്ലആക്രമഭീഷണിയുണ്ടാകുമായിരിക്കും. അതിൻെറ ഗുഢാലോചനയിലും തിരക്കിലുമൊക്കെ ആയിരിക്കുമെന്നൊക്കെ

അവളുടെ ചിന്ത തെറ്റിയില്ല കുറച്ചു വൈകിയിട്ടാണെങ്കിലും ഒരു കോൾ വന്നു . അത് രാജീവനായിരുന്നു അവൾ അതിയായ ഉത്സാഹത്തോടെ സംസാരിച്ചു . ഒരുപാട് സുഖവിവരങ്ങൾ അന്വേഷിച്ചു എന്നിട്ട് രാജീവൻ പറയുകയും ചെയ്തു . അതായത് അവിടെ പഞ്ചാബിൽ ഒരുആക്രമണഭീഷണി നേരിടാനുള്ള തയ്യാറെടുപ്പാണ് . നമുക്ക് പ്രതീക്ഷിക്കാവുന്നതിലുമപ്പുറമായിരിക്കും ആയിരിക്കും ആൾക്കാർ . അതുകൊണ്ട് ഇനി അങ്ങോട്ട് ഫോൺ വിളിക്കാനൊന്നും പറ്റിയെന്ന് വരില്ല ,എന്നൊക്കെ ഒരു മടിയും കൂടാതെ സുമതി കേട്ടിരുന്നു . അവസാനം സാരമില്ല എന്നൊരു വാക്കു മൂളി ഫോൺ കട്ട് ചെയ്തു . അവൾക്ക് എന്തെന്നില്ലാത്ത സന്തോഷവും

അൽപം സമാധാനവും അനുഭവപ്പെട്ടു . ഒരുപാട് ദിനങ്ങൾ വീണ്ടും മിന്നിമറഞ്ഞു . പിന്നെപിന്നെ ഓരോ ദിവസവും പഞ്ചാബിലെ ആ വലിയ ആക്രമണത്തെക്കുറിച്ച് പത്രങ്ങളിലും ടി.വി കളിലുമൊക്കെ കണ്ടുകോണ്ടേയിരുന്ന ആ സമയത്തൊക്കെ അവളുടെ മനസ്സിലെ ആശങ്ക വളർന്നുവരികയല്ലാതെ കുറയുന്നില്ലായിരുന്നു .

പത്രത്തിൽ ആ വാർത്തകളൊക്കെ ഒന്ന് പതിയെ കെട്ടടങ്ങാൻതുടങ്ങുമ്പോഴതാ ഒരു ഫോൺ കോൾ രാജുവനാണെന്നുകരുതി രാജീവനാണെന്നുകരുതി അവൾ ഓടിചെന്ന് ഫോൺ എടുത്തു , പക്ഷെ അത് രാജീവനല്ലായിരുന്നു പകരം മറ്റൊരാളാണ് വിളിച്ചത് , അതും പട്ടാളത്തിൽ ന്നിന്നുതന്നെ .അവളുടെ സന്തോഷം ഒരുനിമിഷംകൊണ്ട് കെട്ടടഞ്ഞു . ആ മനുഷ്യനിൽ നിന്നവന്ന വാക്കുകൾ ഇങ്ങനെയായിരുന്നു . അയാൾ പറഞ്ഞു "ഹലോ മാസം നിങ്ങളുടെ ഭർത്താവിന് ഒരു അപകടം പറ്റി ,കുറച്ച് സീരിയസ് ആണ് . അങ്ങോട്ട് എയർ ആമ്പുലൻസിൽ അയച്ചിട്ടുണ്ട് ."മുഴുവൻ കേട്ടുകഴിഞ്ഞപ്പോൾ പുണ്ണിൽ കൊള്ളി വയ്ക്കുന്നത് പോലെ സുമതിയുടെ ഹൃദയം വെന്തുനീറി . ഒരുപാട് വിങ്ങിപ്പൊട്ടിക്കരഞ്ഞു . പിന്നെ ചിന്തിച്ചപ്പോൾ എയർ ആംബുലൻസാണ് പെട്ടെന്നെത്തും എന്ന് മനസ്സിലാക്കി അവൾ വേഗം തന്നെ ഹോസ്പിറ്റൽ സൗകര്യം ഏർപ്പാടാക്കി . അവിടെ ആ അംബുലൻസെത്തിയപ്പോൾ അവൾക്കായി കാത്തുവച്ചത് ഒരു സന്തോഷ വ്ർത്തയും ഒരു സങ്കടവാർത്തയുമാണ് ആംബുലൻസിൽഒപ്പം വന്ന സാബു പറഞ്ഞു "എനിക്ക് നിങ്ങളോട് കുറച്ച് കാര്യങ്ങൾ പറയാനുണ്ട് എന്തെന്നാൽ ന്ങ്ങളുടെ ഭർത്താവിന് അതിർത്തിയിൽ വച്ച് ഒരു അപകടം പറ്റിയതാണ് കുറച്ച് സീരിയസ് ആണെന്നാണ് അറിയാൻ പറ്റിയത്" അപ്പോൾ തന്നെ അതിന് മറുപടിയും സുമതി നൽകി "ഞാൻ ഈ വാർത്ത നേരത്തെ അറിഞ്ഞിരുന്നു . അതാണു നേരെ ഹോസ്പിറ്റലിലേക്ക് എത്തിയത് ." ഇത് പറഞ്ഞശേഷം സാബു സുമതിയുടെ മുഖത്ത് നോക്കിയപ്പോൾ കാണാൻ കഴിഞ്ഞത് ആ വരണ്ട മുഖത്തെ ഇടുങ്ങിയ കണ്ണുകളിൽ നിന്ന് വേദനാജനകമായ കുറച്ച് തുള്ളികൾ പൊഴിയുന്നതാണ് . ഒരു വെളുത്ത ടൂവാല കൊണ്ട് സാബു സുമതിയുടെ കണ്ണുകൾ തുടച്ചു. എന്നിട്ട് പറഞ്ഞു "ചേച്ചി നിങ്ങൾ ഇദ്ദേഹത്തിന് പറ്റിയ അപകടത്തേകുറിച്ചോർത്ത് ഒരു തുള്ളി കണ്ണുനീർ പൊഴിക്കരുത് കാരണം ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യത്തിലൊന്നായ നമ്മുടെ ഇന്ത്യയെ ഒരു വലിയ ആക്രമണത്തിൽനിന്ന് രക്ഷിച്ചവരിൽ ഒരാളായ വീരജവാനാണ് ഇന്നിവിടെ മരണത്തോട് മല്ലടിക്കുന്നത് . ചേച്ചി ഭയക്കേണ്ട ഹൃദയത്തിൽ കൈവച്ച് രാഷ്ട്രത്തിനുവേണ്ടി നന്മ ചെയ്ത ഗുരുക്കൻമാരെയും ഒരായിരം ജവാൻമാരെയും മനസ്സിൽകണ്ട് ദൈവത്തോട്

ഉള്ളുരുകി പ്രാർഥിക്കുക".ഈ സംഭാഷണത്തിനു ശേഷമണ് ഡോക്ടറുടെ വിളിവന്നത് അദ്ദേഹം കാര്യം വിവരിച്ചു നമ്മൾ ഒരുപാട് ശ്രമിച്ചു ജീവൻ രക്ഷിക്കാൻ പറ്റി പക്ഷേ..... അദ്ദേഹത്തിന് അദ്ദേഹമിനി സംസാരിക്കില്ല ഒന്നെഴുന്നേൽകില്ല ചുരുക്കിപറഞ്ഞാൽ അദ്ദേഹമിനി കോമാസ്റ്റേജിലായിരിക്കും . ഇനി ഇദ്ദേഹം മാറിവരണനെങ്കിൽ ഒരു അത്ഭുതം സംഭവിക്കണം . ഇത്രയും പറഞ്ഞശേഷം വളരെ ദൃഢമായ ശബ്ദത്തിൽ സുമതി പറഞ്ഞു "പട്ടാളക്കാർക്ക് അഥവാ രാജ്യത്തിൻെറ ചാവേർപടയ്ക്ക് ഉദാഹരണമായി കാണാൻ ഒരു ജീവനുള്ള പ്രതിമയായ് കാണാൻ എൻെറ ഭർത്താവ് .....,അല്ലാ, ഈ വീര ജവാനും ജീവിക്കണം " ഇത്രയും പറഞ്ഞശേഷം ജവാൻ സാബുവിൻെറ വാക്കുകൾ മുഴങ്ങി

**" ഭാരത് മാതാ കീ.....ജയ്**

**ഭാരത് മാതാ കീ....ജയ് "**

# ഭയമില്ലാതെ ഒരുപാട് ജീവിക്കുന്നു



FATHIMATHUL NAFRAH P K
9 A*

മരിക്കുമെന്നറിഞ്ഞിട്ടും നാം ജീവിക്കുന്നു ,
ഒട്ടും ഭയമില്ലാതെ . . .
വരില്ലായെന്നറിഞ്ഞിട്ടും നാം പ്രതീക്ഷിക്കുന്നു ,
ചിലരെ ഒരുപാട് . . .
വിധി നമ്മെ ചുരുട്ടിവലിക്കുമെന്നറിഞ്ഞിട്ടും
നാം ജീവിക്കുന്നു . . .
അതെ നാം ഭയമില്ലാതെ ഒരുപാട്
ജീവിക്കുന്നു . . .
ആർക്കു വേണ്ടിയോ , എന്തിനുവേണ്ടിയോ !

# FALLEN LEAVES

One is Orange
Two are Brown
Three look Yellow
On the ground
Three are green
Two bright Red
One just feel
Upon my head





DEVIKA P P
9 B*

# ജലതാണ്ഡവം



SNEHA SAMBATH
9 C*

ഒരു കുഞ്ഞു ജീവൻ തൻ കൈക്കുമ്പിളിൽ
മറ്റു ജീവൻ രക്ഷിക്കാൻ പാഞ്ഞിടുന്നു
ആരോടും പറയാതെ ആരുമറിയാതെ
പാഞ്ഞുവരുന്നൊരാ പ്രളയകാലം
കുന്നില്ല ,മരമില്ല, പാടമില്ല
തൻ വീട് പൊൻവീട് കുഞ്ഞുമില്ല
ഉടുതുണിക്കപ്പുറം മറുതുണിയുമില്ല
സമ്പന്നകാലം വഴിപ്പിടിച്ചു
ഉറ്റവർ ഉടയവർ നഷ്ട്മായി
ഇനിയെന്നടുക്കിവെച്ചുണ്ടാകണം
ഒത്തുപിടിക്കാം എൻ കൂട്ടരെ വാ
നവകേരളത്തിൻെറ ഭാവികാലം
ഒരു പുതുജീവിത മാർഗത്തിനായ്
ഒരു പുതുഭാവിക്ക് കൂടിയെന്നും

# TRUE FRIEND



AMAYA M
10 F*

A friend is like a star that twinkles and glows
Or may be like the ocean that gently flows
A friend is like gold that you should keep as a treasure
And take care of forever and ever
A friend is like an angle that is there to guide you
A friend is someone you can truest out of a few
A friend is more than one in a million
They are one in a Ca-Zillion and you, my friend, are very special
and so it is official

# SISTERS

My sister and I
Always lighting, punching
And thumping scratching
And biting
I tear up her books
She jumps on my doll
But we laugh
And gigle and sing
We play together and share everything
Like other sisters
We do disagree
But really
Wr're the greatest pals, you see......!



SHEZA SHIRIN
9 M*

# കാലത്തിനൊരു കയ്യൊപ്പ്

ഞാനന്നു വച്ച കാലടികൾ ഇന്നെനിക്കു
ഓർമ്മകൾ   മാത്രം
എന്നിക്കെന്റെ   ജഗദീശ്വരൻ തന്ന
സ്വപ്ന   ദൃഷ്ടാന്തം പോൽ
അതെന്തോ     മാഞ്ഞു പോയി
മാഞ്ഞ ആ  കാലത്തെ
ഓർമ്മക്കുറിപ്പ പോൽ  ഞാൻ
ഞാൻ മാത്രം    ഇന്നവശേഷിക്കുന്നു
എനിക്കൊന്നു കൂടെ   പോവണം
 എന്റെ യാ  തുടിപ്പുകൾ    വീണ്ടെടുക്കാൻ
വരുമോ  ? പ്രതാപമേ
പ്രപഞ്ചമേ  ഒന്നുകൂടെ
ആ കാലത്തിലേക്കെന്നെ
യാത്രയാക്കാൻ  !



FATHIMATHUL NAFRAH P K
9 A*

# MOON

Moon is white

It’s beautiful in night,


The star near the moon

It’s good to see as father and son

When the sun rises,

They disappear

I wonder where they go



SREERAJ VINOD
8 E*

# പൂന്തോട്ടം

പൂന്തോട്ടം,പൂന്തോട്ടം
പൂക്കൾ  വിരിയുന്ന പൂന്തോട്ടം
പൂക്കളും ചെടികളും മരങ്ങളും
നിറഞ്ഞുനില്ക്കുന്ന പൂന്തോട്ടം
പൂക്കളിലെ തേൻ നുകരാൻ
പൂമ്പാറ്റകൾ  വന്നു
മരച്ചില്ലയിൽ  കുട്ടിക്കുരുവി
ആടിപ്പാടുന്നു
സൂര്യനെ നോക്കി നിൽക്കുന്ന
സൂര്യകാന്തിയുടെ
പാലുപോലെ വെളുത്ത
മുല്ലപ്പൂവുണ്ടേ............






SUHAS SUCHITHRAN
8 G*

# WHAT IS DREAM???



VYSHNAVI P V
10 B*

Dream is like a bubble

It can break at my time

When we burst with alarm

Entire dream will be lost

Dream is like a sea

It matches with the waves

new thoughts will arise

One day to be washed off

Everyone dreams, it also dream

But making it real

Makes the dream clear

What if no one dream

The entire sea will be stuck

and form a question mark

That is the dream, what

I had seen

Giving me an answer

“What to dream is to live”

# VIRTUAL GAMES: A BOON OR A BANE ?



AJANYA SURESH
10 A*

This is the era of technologies. Everything is there within our finger tips. Today's generation has been fascinated and is under the magical influence of virtual games. The crucial problem discussed due to the negative influence of virtual games is also significant. Various types of games are increasing day by day.

Virtual games are gaining popular support from all over the world. Pubg, the most popular game of 2018 and Blue Whale, the suicide challenge of 2017 are examples of debated issues of the previous years based on the virtual games. Once you are in front of your gadget with your fingertips, ready to knock down your opponent, you are no longer living in the realistic reality of life, but is carried away into the world of your own admiration and imagination. Virtual games adversely affect the youth.

Many youngsters from different part of the world has committed suicide by being addicted to the Blue Whale challenge. In the daily news reports, the reports about the alarming rate of increase in deaths due to the influence of virtual games has turned up to be a casual phenomena.

A few decades back, virtual games had no room in the minds of people. However the recent situations are the result of changes in the living standards of the people. Today, be it a toddler, teenager or a widower can easily be fascinated by the virtual happiness offered by the virtual games. In the gone days, physical activities was given utmost importance. The children used to run, jump and walk and fly high without falling prey to the traps of the loose society bonds.

With the advancement of technology, people became more and more

lazy and thus they were accompanied by a handful of diseases. 'Health Is Wealth'.However the recent context, man became busy and was running behind wealth. Finally at the end he is bedridden and has to spent his income that he had saved during his entire life time to pay his entire hospital debts.

The major issue that we face is how to combat the negative influence of virtual games in today's generation. This question has become an urgent need of the hour since these virtual games are strong enough to influence the sense organs and mindset of the individuals.

Surely, the families also play an important role in moulding today's youth. The main reason why today's youth are getting into their own world is because of the lack of communication between family members. Families must find time to get together and to express their thoughts. The second reason is that today both the mother and father have jobs and are busy in their own way. So in order to stop children from disturbing them they just gave these mobile phones to their children at a very young age. This is dangerous, because once they get addicted to these games it will be difficult to withdraw them from it.

Sports and games have it's own advantages when compared to virtual games. Sports and games helps to develop a healthy and active lifestyle among the people. It helps to enculcate civic virtues, as a result it promotes the development of good citizens for a nation. Engaging in physical activities helps to boost our skills and concentration level. Thus it helps in promoting academic learning among the students.

As 'Prevention is better than cure', just let the children play outside instead of diverting them into virtual games. It is important that we make use of their productive skill for future development. We need to see them striding forward with flying colours. Today there are many sports school running with the aim to recall children in such physical games. Let the children run, walk and fly high without being in trap of such games. Let's all join hands in the initiative to curb the influence of virtual games at least to a certain extent. So let's mould the children's character better for a bright future.

# മരണമുഖം



ATHULYA M
8 F*

വിദ്യാലയത്തിൽ പടിയിറങ്ങി കണ്ടോ
ഒരാൾക്കൂട്ടം വീട്ടുമുന്നിൽ
മൂകരായ്, നിശബ്ദരായ് വിഷമിതരായ്
ഏവരും ആർത്തു കരയുന്നു
ചിന്തിച്ചു ഞാനൊന്ന് എന്താവോ കാരണം?
സംശയഭീതിയിൽ
ഞാൻ നിന്നു !
എന്തു ചെയ്യണമെന്നറിയാതെ
ഞാൻ നിശ്ചലനായങ്ങു നിന്നു പോയി
മുന്നോട്ട് കുതിച്ച് പോയ ഞാൻ
കണ്ടതോ മരണം വിഴുങ്ങിയ മുത്തച്ഛനെ
മനസ്സൊന്നൊന്നായ് വിങ്ങി തുടങ്ങി
ഞാനും കരയാൻ തുടങ്ങി
സ്നേഹവാത്സല്യങ്ങളാൽ ജീവിതം
നിറച്ച മുത്തശ്ശനോടുള്ള ഇഷ്ടം
കണ്ണീരായ് പൊഴിഞ്ഞിറങ്ങുന്നിതാ
ആഴക്കടൽപോലെ ആഴങ്ങളുണ്ടാക്കി
ആഴത്തിലാണ്ടു പോയി....... ഹോ !

# സൗഹൃദം



MUHAMMED SHAHAM SHAFEEK
10 H*

മിഴികൾ  നനയാതെ
മൊഴികൾ വിതുമ്പാതെ
സ്നേഹം തോരാതെ
എന്നും കൂട്ടായി നാം.....

വാട്ടം മുഖം മറക്കാതെ
സ്നേഹം ഒതുക്കാതെ
നോവിൻ ചലനങ്ങൾ
ജീവിത സായാഹ്നം........ !

ഒരു  മറുപുറം മായാതെ
ജീവിതം തുടങ്ങുകയായി
എങ്കിലും സ്നേഹിക്കും
സുഹൃത്ത് എന്നെന്നും
സ്നേഹമത് അമൃതെങ്കിൽ
അത് പവിത്രമാണ്
മറക്കില്ല മനസ്സിൽ തട്ടിയ
ഓരോ സൗഹൃദവും മുറിവും
അതാണ് സൗഹൃദം

# THE STRANGER



SANDRA SUNIL
10 A*

He sees miseries, lose and destructions around him. But he is not at all disappointed. He looks on the light of the church. On the top of the church, he sees, the wide sky which has nothing in it, as his mind. He was on the church to get some relief. But the loneliness made him more sad than before. Became unable to bear the atmosphere, he went to his home in California.

The stars fade it's white light as they don't want him to go back to his home. When he was on the courtyard the heart touching memories and moments that he had with his parents withdrew him to take the first step. When he started to take the first step, he heard someone's yell.

"Hey, young fellow, who are you?"

He turned back with admiration to know who is.

"I am John Richer."

"John Richer!!"

His great admiration made John, the young lad to realize that there is something special in him. Without stopping his admiration he again asked:

"You still survive?!!"

John realized that he knew something about his life.

"Hey, lad come here"

At first he refused the words. In fact, he was afraid of his terrible appearance. His thick beard and the many years old clothes made him to think him as a nightmare. Without much interest he went towards the terrible stranger. The severe fog hid

the old man's face from John's view. As he was close to him, he seemed some familiarity in his face. The cold wind patted his each hairs. It made him a cool feeling of his dad's hand. The sweet memories of his life took him to a sweet world. But suddenly he returns to the current moment as there was something horrible in his memories, It was the incident that he cursed many times in which he lost his parents and his little sister Mericca. The accident was not such a common one. He knew that. But he is not enough to find its root or the master head. The life that he had left after the incident was unexplicable to anyone. The thorns and the ways that he had to pass through were not easy. But he will made him to survive the world.

The sun began to peep out from the shade of clouds. The stranger touched him with a lot of love. John woke up from his memories. Now, the fog gave him a chance to see the strange face.

“Oh! My God!  My Dad!!”

# THE GREEDY MAN



GAYATHRI S M
8 P*

Trees the supplier of oxygen

Trees the supplier of food

Trees the supplier of shade

Why ............. why I am destroying the trees ?

I need future .

I need malls .

I need huge halls .

I am not greedy .

But............ I need everything

I need money

For what I will do

Whatever I can

Other stupid fellows

Doesn't need anything

All the humans need

We are the king

And they are prisoner's

Where is the oxygen ?

Where is the water ?

Where is the meat ?

We can't live

Where are you ?

'O' sorry ............... please

Come back

'O' I came

so greedy ................

sorry ....................

please come back

# ആകുലമായി ജീവിതം



SREYA PAVANAN
10 B*

അനർഘമാമീ ജീവിതത്തിലെന്നന്തരം
ഗാന്തരത്തിലെ കാഞ്ചനമണികളായിരുന്നു-
ഹാരിയാം പാരിലെ മാതൃസ്നേഹത്തിൻെറ
മാതൃകയാണു നീയെന്നും
ഇടറുന്ന ശബ്ദമോടെന്നെ നീയന്ന് താരാ-
ട്ടുപാട്ടിൽ ലയിപ്പിച്ചിരുന്നില്ലേ
കാലങ്ങളെത്രയോ മാഞ്ഞുപോയെന്നാലും
ഊണവും താളവും കൈകോർത്തിരുന്നെന്നും
ഒരു നാളെന്നോട്ട പറയാതെ ഗാഢമാം സുഷുപ്തി-
യിലാണ്ടുനീയെങ്ങോ പറന്നകന്നീലയോ
എൻ ചുടുകണ്ണീർ കണങ്ങൾ നേർത്ത
സ്നേഹപ്രവാഹമായ് കുതിച്ചൊഴുകവേ
നോവുന്നനെഞ്ചിലെ സാന്ത്വനമാരിയാണെന്നും
നിൻ താരാട്ടിൻ മണികിലുക്കം
അജൻ തൻ ലോകത്തേക്കൊരു പറവയായ്
നീയെന്നെ തനിച്ചാക്കി,മറഞ്ഞകന്നില്ല......

# നന്ദി

ഭാവനകളുടെ അനന്തമായ ലോകത്ത് നിന്ന്

പിറവിയെടുത്ത സൃഷ്ടികൾ സംഭാവന ചെയ്ത കൂട്ടുകാർക്കും

അവയെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ

ഡിജിറ്റൽ മാഗസിനാക്കി മാറ്റിയെടുക്കുവാൻ സഹായിച്ച

ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കും ഇതിനെല്ലാം

പ്രചോദനമായ ഗുരുക്കന്മാർക്കും ഹൃദയത്തിന്റെ

കൈയ്യൊപ്പായ നന്ദി